# നമ്മൾ വന്നുമടങ്ങുന്നതിനിടയിലെ ദൂരം

**ചിന്താവിഷയം ● മഖ്ബൂൽ മാറഞ്ചേരി**

ഇസ്‌ലാം എന്നാൽ സമാധാനം..
ഇസ്‌ലാം സ്ഥാപിക്കുക എന്നാൽ സമാധാനം സ്ഥാപിക്കുക. സമാധാനം നിർമിക്കാനുതകുന്ന നിയമ വ്യവസ്ഥകളാണ് പടച്ചവൻ നമുക്ക് തന്നത്.
എവിടെയൊക്കെയാണ് സമാധാനം സ്ഥാപിക്കേണ്ടത്? നമ്മൾ ബന്ധപ്പെടുന്ന എല്ലായിടത്തും. നിനക്ക് സമധാനമുണ്ടാകട്ടെ എന്ന് നാം ആശംസിക്കുന്നത് പുതിയൊരു ലോകത്തെപ്പറ്റിയുള്ള നമ്മുടെ ആഗ്രഹത്തിന്റെ വെളിച്ചപ്പെടുത്തൽ കൂടിയാണ്.

സമാധാനം പുലരുന്ന പ്രഭാതങ്ങൾ എല്ലാവരുടെയും സ്വപ്നമായിരുന്നു.
പ്ലാറ്റോയുടെ റിപ്പബ്ലിക്, ഫാറാബിയുടെ അൽ മദീനത്തുൽ ഫാദില, തോമസ് മൂറിന്റെ യുട്ടോപ്യ, റസലിന്റെ കോൺക്വിസ്റ്റ് ഓഫ് ഹാപ്പിനസ്, എം.പി പരമേശ്വരന്റെ നാലാംലോകം വരെ... എല്ലാം തൽസംബന്ധമായ ദാർശനിക വിചാരങ്ങളാണ്. ഓരോ ലോകയുദ്ധ ദുരന്തങ്ങൾക്ക് ശേഷവും മനുഷ്യൻ സമാധാനത്തെപ്പറ്റി ചിന്തിച്ചു, അതിന്നായി ആഗ്രഹിച്ചു. ലീഗ് ഓഫ് നേഷൻസും യു. എന്നുമൊക്കെ അതിനെതുടർന്നാണുണ്ടായത്.

സമാധാന സ്ഥാപനം ദൗത്യമാക്കപ്പെട്ടവരാണ് മുസ്‌ലിം സമൂഹം. ദൈനംദിന സമ്മർദങ്ങൾക്കിടയിൽ എല്ലാം വിസ്മരിച്ച് പോവുകയാണോ നാം. എങ്ങോട്ടാണീ പാച്ചിൽ? ജീവിതത്തിരക്കാണ് പോലും! ജീവിതത്തെയല്ലേ സത്യത്തിൽ നമ്മൾ തിരക്കിക്കൊണ്ടിരിക്കുന്നത്. ഈ ജീവിതത്തിനൊരു ഫുൾസ്റ്റോപ്പ് എന്നു വീഴും? യാതൊരു നിശ്ചയവുമില്ല. എന്നിട്ടും നമുക്കതൊന്നും ആലോചിക്കാൻ നേരമില്ല.
ഈ ഓട്ടത്തിനിടയിൽ അന്യരെ പരിഗണിക്കാൻ നേരം കിട്ടക്കൊള്ളണം എന്നില്ല.
അവരോട് സംസാരിക്കാൻ..... ചിരിക്കാൻ..... ചുറ്റുവട്ടത്തുള്ള പട്ടിണിയും പരിവട്ടവും വേവും വേവലാതിയും ഒന്നും നമ്മുടെ ചിന്താവട്ടങ്ങളിൽ കടന്ന് വരുന്നുണ്ടാവില്ല.
കിതപ്പ് മാറ്റാനുള്ള കേവലമൊരിടം മാത്രമാണീ ദുനിയാവെന്നുള്ള സത്യം നമ്മൾ വിസ്മരിച്ച് കളയുന്നു.

ഒരു കള്ളന്റെ കഥ പറയുന്നുണ്ട് കഥാകൃത്ത് വി.എസ് അനിൽകുമാർ. പാതിരാത്രിയിലൊരു വീട്ടിൽ കള്ളൻ കയറി.
ആകെ നിലവിളിയും ഒച്ചപ്പാടും.
ആളുകൾ കൂടി. കള്ളനെങ്ങനെയോ രക്ഷപ്പെട്ടു. അന്നാണ് അയൽക്കാർ ആദ്യമായി ചോദിക്കുന്നത്:
നിന്റെ വീടേതാ.....
ദാ... അതാണ്....
ഇപ്പോൾ എന്ത് ചെയ്യുന്നു?
അടുത്തടുത്ത് താമസിക്കുന്നവരെ ഒരുമിച്ച് കൂട്ടിയതിന് കള്ളന് നന്ദി പറയുന്നുണ്ടൊടുക്കം അതിലെ ഒരു കഥാപാത്രം.

വേലികെട്ടി ശീലിച്ചിരിക്കുന്നു നമ്മൾ.
മതങ്ങൾക്കിടയിൽ, മനുഷ്യർക്കിടയിൽ, പാർപ്പിടങ്ങൾക്കിടയിൽ... ലക്ഷങ്ങൾ വിലമതിക്കുന്ന കരിങ്കൽ വേലികൾ.
മനുഷ്യനിർമിത വേലികൾ തകർക്കാനല്ലേ പ്രവാചകന്മാർ വന്നത്. അവരുടെ പിന്തുടർച്ചാവകാശമല്ലേ പടച്ചവൻ നമുക്ക് തന്നത്.
അകത്തുള്ളതിനെ പുറത്ത് വിടാതിരിക്കുകയും പുറത്തുള്ളതിനെ അകത്ത് കടത്താതിരിക്കുകയും ചെയ്യലാണ് വേലിയുടെ ധർമമെന്ന് 'മെൻഡിംഗ് വാൾ' എന്ന കവിതയിൽ റോബർട്ട് ഫ്രോസ്റ്റ് പറയുന്നുണ്ട്.

എന്റെ ലക്ഷ്യം എപ്പോഴും ഞാനാകുന്നു.
ഞാൻ മാത്രം ശരിയെന്നാണ്.
എന്ത് കണ്ടിട്ടാണീ ധാർഷ്ട്യം!
എന്നിലും ശരികേടുകളുണ്ടെന്നും ഞാനല്ലാത്ത പലതും വലിയ ശരികളാണെന്നും മനസ്സിലാക്കിത്തുടങ്ങുക ഇനിയെന്നായിരിക്കും.
ഗബ്രിയേൽ ഗാർസിയ മാർക്വേസ് ഒരനുഭവം പറയുന്നുണ്ട്. ഒരിക്കലദ്ദേഹം ജനീവയിലേക്ക് പോവുകയായിരുന്നു. പന്ത്രണ്ട് മണിക്കൂർ നീണ്ട തീവണ്ടിയാത്ര.
അദ്ദേഹത്തിന്റെ പ്രശസ്ത നോവൽ 'വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡ്' കൂട്ടുകാർക്ക് നൽകാനായി കൈയിൽ കരുതിയിട്ടുണ്ട്.
വെറുതെ ഇരിക്കുകയല്ലേ... അദ്ദേഹം അതെടുത്ത് വായിക്കാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ വല്ലാത്ത മടുപ്പ് തോന്നി. മികച്ച പുസ്തകമാണിതെന്ന തന്റെ ധാരണ തന്നെ തെറ്റിയെന്ന് അദ്ദേഹം എഴുതുന്നു.
ചില വീണ്ടുവിചാരങ്ങൾക്ക് ഞാനെന്ന ആത്മസുഖത്തിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാനാകും. ഇഹ്തിസാബിന്റെ പ്രാധാന്യം ഇവിടെയാണ്.
'ഹൊ, ഒരു ഖലീഫ വന്നിരിക്കുന്നു. ഉമറേ, നീയാര്?'
വടികൊണ്ട് സ്വയം ശിക്ഷിച്ച് മനസിൽ വല്ല ഹുങ്കും ബാക്കിയുണ്ടെങ്കിൽ അതിനെ പോക്കുക ഖലീഫ ഉമറിന്റെ രീതിയായിരുന്നു.
വല്ലാതെ അഹങ്കാരം തോന്നുമ്പോൾ അകാശത്തേക്ക് നോക്കാൻ പറയുന്നുണ്ട് ഗൗതമൻ. അകാശത്തിന്റെ വലുപ്പം നമ്മുടെ ചെറുപ്പത്തെ ഓർമപ്പെടുത്തും.

എന്നോ വന്നവർ... എന്നെങ്കിലും മടങ്ങേണ്ടവർ...
ഇതിനിടയിലെ ദൂരം എന്തുമാത്രം ചെറുതാണ്.
മരണത്തെപ്പറ്റി ചിന്തിക്കാൻ പത്രത്തിലെ ഒറ്റപ്പേജ് ചരമക്കോളം തികയാതെ വന്നിരിക്കുന്നു. മറ്റു പേജുകളിലെല്ലാം ജീവിച്ചിരിക്കുന്നവരുടെ തോന്നിവാസങ്ങളാണെന്നത് തന്നെ കാരണം.
മരിക്കുംമുമ്പ് അലക്സാണ്ടർ ചക്രവർത്തി പറഞ്ഞത്രെ... എന്റെ ശവപ്പെട്ടിയുടെ ഇരുവശങ്ങളിലും ഓരോ ദ്വാരം ഉണ്ടാക്കണം. എന്തിനെന്ന് ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു.
എന്റെ രണ്ട് കൈകളും എനിക്കതിലൂടെ പുറത്തേക്കിടണം.
നിങ്ങൾ പറയുന്നുണ്ടല്ലോ....
അലക്സാണ്ടർ ദ ഗ്രെയ്റ്റ്. വിശ്വം കീഴടക്കിയവൻ.
സകല സൗഭാഗ്യങ്ങളും ഉണ്ടുറങ്ങുന്നവൻ....
ആ ഞാനിതാ വെറും കൈയോടെ....
പദവിയോ പട്ടമോ രാജ്യങ്ങളോ ഒന്നുമില്ലാതെ യാത്രയാകുന്നു. ജനങ്ങളൊക്കെയും അത് കാണട്ടെ.....
കൈയിലൊന്നുമില്ലാത്ത അലക്സാണ്ടർ.. ■